# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 04.01.2026

## ശബരിമല സീസണിൽ കെ.എസ്.ആർ.ടി.സി മികച്ച സേവനമൊരുക്കി: മന്ത്രി കെ.ബി ഗണേഷ് കുമാർ

മകരവിളക്കിന് 900 ബസ്സുകൾ സജ്ജം
മകരവിളക്കി നോടനുബന്ധിച്ച് പമ്പയിലേക്ക് സർവീസ് നടത്തുന്നതിന് 900 ബസ്സുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ.ബി ഗണേഷ് കുമാർ പറഞ്ഞു. ആവശ്യമെങ്കിൽ നൂറു ബസ്സുകൾ കൂടി അനുവദിക്കുമെന്നും മന്ത്രി അറിയിച്ചു. പമ്പയിൽ നടത്തിയ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.
കൂടുതൽ ബസ്സുകൾ സർവീസ് നടത്തുന്നതിനനുസരിച്ച് പമ്പ ഹിൽടോപ്പിൽ പാർക്കിങ്ങിന് കൂടുതൽ സൗകര്യം ഏർപ്പെടുത്തും. പരാതികൾ കുറഞ്ഞ ഒരു സീസണായിരുന്നു ഇത്തവണത്തേതെന്ന് മന്ത്രി പറഞ്ഞു.



പമ്പയിൽ വന്ന് അയ്യപ്പന്മാരുമായി സംസാരിച്ചിരുന്നു. കെ.എസ്.ആർ.ടി.സി യുടെ സേവനങ്ങളിൽ സംതൃപ്തരാണ് അയ്യപ്പന്മാർ എന്ന് ബോധ്യപ്പെട്ടു. മികച്ച രീതിയിൽ കെഎസ്ആർടിസി സർവീസുകൾ നടക്കുന്നത് നേരിൽ കണ്ട് ബോധ്യപ്പെട്ടതായും

മന്ത്രി പറഞ്ഞു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇത്തവണ റോഡപകടങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തില്ല എന്നതും ആശ്വാസകരമാണെന്ന് മന്ത്രി പറഞ്ഞു. റോഡ് അപകടങ്ങൾ കുറയ്ക്കാൻ കൂടുതൽ സംവിധാനങ്ങൾ അടുത്ത സീസണിൽ ഒരുക്കും.
പമ്പ ശ്രീരാമ സാകേതം ഹാളിൽ നടന്ന അവലോകനയോഗത്തിൽ ഗതാഗത വകുപ്പ് ജോയിന്റ് കമ്മീഷണർ പ്രമോദ് ശങ്കർ, സ്പെഷ്യൽ ഓഫീസർ ഡോ. അരുൺ എസ്. നായർ തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

## ഇന്ന് 67,172 അയ്യപ്പഭക്തർ ശബരിമലയിൽ ദർശനം നടത്തി

ഇന്ന് (ജനുവരി 4) 67,172 തീർഥാടകർ ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തി. വൈകീട്ട് ആറ് വരെയുള്ള കണക്കാണിത്. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡിസംബർ 30ന് ശബരിമല നട തുറന്നതിനു ശേഷം ഇതുവരെ 4,60,000 ഓളം അയ്യപ്പഭക്തരാണ് സന്നിധാനത്ത് ദർശനത്തിന് എത്തിയത്. ഡിസംബർ 30ന് വൈകീട്ട് അഞ്ചിനാണ് നട തുറന്നത്. അന്നു തന്നെ 57,256 പേർ ദർശനം നടത്തിയിരുന്നു.

## അയ്യപ്പന് അർച്ചനയായി ഭരതനാട്യവും കുച്ചിപ്പുടിയും

തിരുവനന്തപുരം നെടുമങ്ങാട്ട് നിന്നുള്ള കുട്ടികൾ സന്നിധാനത്ത് നൃത്താർച്ചന നടത്തി. ഹൃതിക, അദ്രിജ കമൽ, ആരാധ്യ ആർ. നായർ എന്നിവരാണ് ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും അരങ്ങേറ്റം നടത്തിയത്. വലിയ നടപ്പന്തലിലെ സ്വാമി അയ്യപ്പൻ ഓഡിറ്റോറിയത്തിൽ നടന്ന അരങ്ങേറ്റത്തിന് ഗുരു നെടുമങ്ങാട് അരുൺ മോഹൻ നേതൃത്വം നൽകി.